# UNIVERSITY OF KERALA

Dr. C. N. VIJAYAKUMARI
Honorary Director

CENTRE FOR VEDANTA STUDIES
KARYAVATTOM,
THIRUVANANTHAPURAM - 695 581
Mob. : 9446409948
E-mail : vijayaisavasyam@gmail.com


CVS No. Date 9-1-2017

## ദേശീയ സെമിനാർ

### ആനന്ദവർധനാചാര്യന്റെ ധ്വനിസിദ്ധാന്തത്തിന്റെ കാലിക പ്രസക്തിയും ഇതരഭാഷകളിലുള്ള സ്വാധീനവും

സംസ്കൃതസാഹിത്യശാസ്ത്രസാമ്രാജ്യത്തിലെ മുടിചൂടാമന്നനായിരുന്നു ധ്വന്യാലോകത്തിന്റെ രചയിതാവായ ആനന്ദവർദ്ധനാചാര്യൻ. അദ്ദേഹത്തിന്റെ ധ്വനിസിദ്ധാന്തത്തിന് പകരം വയ്ക്കാനോ അതിനെ ഖണ്ഡിച്ച് സ്വസിദ്ധാന്തത്തെ ആവിഷ്കരിക്കുവാനോ നൂറ് പതിറ്റാണ്ട് കഴിഞ്ഞിട്ടും ആർക്കും സാധിച്ചിട്ടില്ലെന്നതുതന്നെ അദ്ദേഹത്തിന്റെ അപ്രമാദിത്വത്തെയാണ് വെളിപ്പെടുത്തുന്നത്. ഈവേളയിൽ ആനന്ദവർദ്ധനാചാര്യന്റെ സമഗ്രസംഭാവനയെയും വിലയിരുത്തുന്നത് യുക്തമായിരിക്കുമെന്നതിനാലാണ് കേരളസർവ്വകലാശാല വേദാന്തപഠനകേന്ദ്രം- **'ആനന്ദവർധനാചാര്യന്റെ ധ്വനിസിദ്ധാന്തത്തിന്റെ കാലികപ്രസക്തിയും മറ്റുഭാഷകളിലതിന്റെ സ്വാധീനവും'** എന്ന വിഷയത്തിൽ ഒരു ദേശീയ സെമിനാർ നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നത്. **ധ്വന്യാലോകത്തിന്റെ ശുദ്ധപാഠം, ധ്വനിവ്യാഖ്യാനങ്ങൾ, സാഹിത്യശാസ്ത്രത്തിൽ ധ്വനിയുടെ സ്ഥാനം, മലയാളസാഹിത്യത്തിൽ ധ്വനിയുടെ സ്ഥാനം, ധ്വന്യാലോകത്തിന്റെ പ്രതിപാദന ശൈലി, ആനന്ദവർധനന്റെ ജീവിതവും കൃതികളും, ധ്വനിസിദ്ധാന്തം മറ്റ് ഭാഷാസാഹിത്യത്തിൽ** തുടങ്ങിയ വിഷയങ്ങളിലാണ് പ്രബന്ധങ്ങൾ അവതരിക്കപ്പെടുന്നത്. ഭാരതത്തിലെ വിവിധ സർവകലാശാലകളിൽനിന്ന് പ്രഗൽഭമതികളായ പണ്ഡിതന്മാർ ഈ സെമിനാറിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കുന്നുണ്ട്. ഭാഷാധ്യാപകർക്കും ഗവേഷകർക്കും ഇതിൽ പങ്കെടുത്ത് പ്രബന്ധങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

ഈ ദ്വിദിനസെമിനാർ **2017 ഫെബ്രുവരി 27,28 തീയതികളിൽ തിരുവനന്തപുരം ഗവ. സംസ്കൃതകോളേജ് കോമ്പൗണ്ടിലുള്ള എഡ്യൂസാറ്റ് തിയേറ്ററിൽ** വെച്ചാണ് നടത്തപ്പെടുന്നത്. പ്രബന്ധങ്ങൾ അവതരിപ്പിക്കുവാൻ ആഗ്രഹിക്കുന്നവർ മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. പ്രബന്ധത്തിന്റെ പൂർണരൂപം 5 മുതൽ 10 പേജ് വരെയാകാം. പ്രബന്ധം ഇംഗ്ലീഷിലാണെങ്കിൽ Times New Roman - Font size -12- ലും, സംസ്കൃതത്തിലാണെങ്കിൽ Surekh Font size-14 ലുമായിരിക്കണം സമർപ്പിക്കേണ്ടത്. പ്രബന്ധത്തിന്റെ hard copy താഴെപ്പറയുന്ന വിലാസത്തിലും soft copy - vijayaisavasyam@gmail.com എന്ന email idയിലേക്കും 2017 ഫെബ്രുവരി 15 നകം ലഭിക്കേണ്ടതാണ്.

സ്ഥാപനമേധാവികൾ ഈ സെമിനാറിലേക്ക് അധ്യാപകരെയോ ഗവേഷകരെയോ പ്രതിനിധികളായി അയയ്ക്കണമെന്നുകൂടി അഭ്യർത്ഥിക്കുന്നു.

എന്ന്


**ഡോ. സി. എൻ. വിജയകുമാരി**

ഓണററി ഡയറക്ടർ

വേദാന്തപഠനകേന്ദ്രം

കാര്യവട്ടം 695581

email:vijayaisavasyam@gmail.com

Mob: 9446409948